വ്യാജ സി.ഡി.കളുടെ പ്രചരണം

8 (3744) ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാള ചലച്ചിത്രങ്ങളുടെ വ്യാജ സി.ഡി.കൾ വ്യാപകമായി പ്രചരിക്കുന്ന സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം കുറ്റകൃത്യം ചെയ്യുന്നവരെ കർശനമായി ശിക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കോപ്പിറൈറ്റ് ആക്ട് പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തും, വ്യാജ സി.ഡി.യുടെ പ്രസാരം തടയുന്നതിന് വീഡിയോ സെന്ററുകളിൽ നിരന്തര റെയ്ഡുകൾ നടത്തിയും കുറ്റക്കാരെ കണ്ടെത്തി നിയമ നടപടികൾക്ക് വിധേയരാക്കിയും വരുന്നു.

സ്വാതന്ത്ര്യ സമര സേനാനികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

9 (3745) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാനത്ത് എത്ര സ്വാതന്ത്ര്യയ സമര സേനാനികൾ ജീവിച്ചിരിപ്പുണ്ടെന്നും അതിൽ എത്രപേർക്ക് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ പെൻഷൻ ലഭിക്കുന്നുവെന്നും വ്യക്തമാക്കുന്ന സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ ;

(ബി) സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ ആശ്രിതർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് ഗവൺമെന്റ് നൽകി വരുന്നത് ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ അർഹരായ ആശ്രിതർക്കും താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്.

1. പ്രതിമാസം സംസ്ഥാന പെൻഷനായി 3000 രൂപയും (മൂവായിരം) 6/2000 മുതൽ പെൻഷന്റെ 7% നിരക്കിൽ ഡി.എ.യും അനുവദിച്ചിട്ടുണ്ട്.
2. മരണമടയുന്ന സ്വാതന്ത്ര്യ സമരസേനാനിയുടെ മരണാനന്തര ചടങ്ങുകൾക്കായി 3000 രൂപ ധനസഹായം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly